(ജി) കോർപ്പറേഷന്റെ മരാമത്ത് പണികളിലും റബ്ബർ വില്പനയിലും വ്യാപകമായി അഴിമതി നടന്നതായി തൊഴിലാളിസംഘടനകൾ ആരോപണമുന്നയിച്ചിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) ഇതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

(ഐ) എങ്കിൽ ഇതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) 486. 63 ലക്ഷം രൂപ

(ബി) 106. 08 ലക്ഷം രൂപ

(സി) 80 ലക്ഷം രൂപ

(ഡി) 24,22,59,659 രൂപ

(ഇ) സെൻട്രിഫ്യൂജ് ലാറ്റക്സിന്റെ വില നിശ്ചയിക്കുന്നത് ഡയറക്ടർ ബോർഡിന്റെ സബ് കമ്മിറ്റിയാണ്. ഒട്ടുകറ പരസ്യലേലം മുഖാന്തിരമാണ് വിൽക്കുന്നത്.

(എഫ്) തിരുവനന്തപുരം റബ്ബർ വർക്സ്, 1994 ൽ ഫാമിംഗ് കോർപ്പറേഷൻ ഏറ്റെടുത്തതുമുതൽ 31-3-1999 വരെ 434 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(ജി) ഉണ്ട്.

(എച്ച്) ഉണ്ട്.

(ഐ) സംസ്ഥാന ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരളയിലെ മരാമത്ത് പണികളെ സംബന്ധിച്ച് ശ്രീ. ബി. ആർ നജീബ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് ഉന്നയിച്ചിരുന്ന ആരോപണങ്ങളിന്മേൽ ധനകാര്യ (ഇൻസ്പെക്ഷൻവിംഗ്) വകുപ്പിനെക്കൊണ്ട് വിശദമായ അന്വേഷണം നടത്തുകയുണ്ടായി. പരാതിയിൽ ഉന്നയിച്ചിരുന്ന ആരോപണങ്ങൾ അടിസ്ഥാന രഹിതവും കഴമ്പില്ലാത്തതാണെന്നും അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്.

മലബാർ മാർക്കറ്റ് കമ്മിറ്റിയിൽനിന്ന് റിട്ടയർ ചെയ്ത ജീവനക്കാർക്ക് പെൻഷൻ

155 (1210) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ മാർക്കറ്റ് കമ്മിറ്റിയിൽനിന്ന് റിട്ടയർ ചെയ്ത ജീവനക്കാർക്ക് പെൻഷൻ മാസങ്ങളായി മുടങ്ങിയിരിക്കുന്ന കാര്യം ഗവൺമെന്റിനറിയാമോ ;

(ബി) എങ്കിൽ പെൻഷൻ വിതരണം മുടങ്ങാനുണ്ടായ കാരണം വിശദമാക്കാമോ ;

(സി) മലബാർ മാർക്കറ്റ് കമ്മിറ്റി ജീവനക്കാരെ മറ്റേതെങ്കിലും സ്ഥാപനത്തിൽ നിയമിക്കുന്നതിനും പെൻഷൻകാർക്ക് പെൻഷൻ മുടങ്ങാതിരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മാർക്കറ്റ് കമ്മിറ്റിയുടെ ആസ്തി ഗവൺമെന്റിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ; മാർക്കറ്റ് കമ്മിറ്റി പുതിയ നിയമനിർമ്മാണം വഴി പുനർജ്ജീവിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശം നൽകാമോ ;

(എഫ്) ജീവനക്കാർക്ക് ശമ്പളവും സർവ്വീസിൽനിന്നും വിരമിച്ചവർക്ക് പെൻഷനും മുടക്കം കൂടാതെ നൽകാൻ അടിയന്തിരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അറിയാം.

(ബി) 19-2-1998-ൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവു പ്രകാരം പ്രവർത്തനരഹിതമായ മാർക്കറ്റ് കമ്മറ്റിക്ക് റവന്യൂ വരുമാനം ഇല്ലാത്തതാണ് കാരണം.

(സി) മാർക്കറ്റിംഗ് കമ്മിറ്റിയുടെ ആസ്തി ബാധ്യതകൾ ഏറ്റെടുക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കേണ്ടതുണ്ട്. ഇതിനെ സംബന്ധിച്ച ഹൈക്കോടതിയുടെ മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതിന് റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) നിക്ഷിപ്തമാക്കിയിട്ടില്ല. മാർക്കറ്റ് കമ്മിറ്റി പുനർജ്ജീവിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) മലബാർ മാർക്കറ്റ് കമ്മിറ്റിയുടെ ആസ്തി ബാധ്യതകൾ ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കേണ്ടതുണ്ട്. ഇതു തീരുമാനിക്കുന്നമുറയ്ക്ക് പെൻഷൻ, ശമ്പളം എന്നിവയ്ക്കും തീരുമാനം ആകുന്നതാണ്.

മണ്ഡരി രോഗം തടയാൻ നടപടി

156 (1211) ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ഡരി രോഗം ആദ്യമായി കേരളത്തിൽ റിപ്പോർട്ട് ചെയ്തത് എന്നാണ് ;

(ബി) ഇത് തടയാൻ ഗവൺമെന്റ് എന്നാണ് നടപടികളാരംഭിച്ചത് ;

(സി) കേന്ദ്ര മന്ത്രിമാരെ നേരിൽ കണ്ട് എന്തെങ്കിലും സഹായം ഇതിനു വേണ്ടി ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ന് ?

LIBRARY ARCHIVES Kerala Legislative Assembly